## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** | **14-02-2024 - ൽ മറുപടിയ്ക്ക്**

## മലയാള സിനിമാ വ്യവസായം ശാക്തീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മലയാള സിനിമാ വ്യവസായത്തെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 6 കോടി രൂപ മുതൽ മുടക്കിൽ വനിതാ വിഭാഗത്തിൽപ്പെടുന്ന വനിതാ സംവിധായകരുടെ 2 ചിത്രങ്ങളും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന സംവിധായകരുടെ 2 ചിത്രങ്ങളും നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ ചലച്ചിത്ര മേഖലയുടെ വാണിജ്യ സാധ്യത വർദ്ധിപ്പിക്കുന്നതിനായി 28-ാമത് IFFK യുടെ ഭാഗമായി സിനി എക്സ്പോ, ഫിലിം മാർക്കറ്റ് എന്നിവ കെ.എസ്.എഫ്.ഡി.സി. സംഘടിപ്പിച്ചിരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിനായി കിഫ്ബി ധനസഹായത്തോട് കൂടി ആധുനിക സിനിമാ നിർമ്മാണ ഉപകരണങ്ങൾ, മറ്റ് സജ്ജീകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സിനിമ വ്യവസായത്തെ സംരക്ഷിക്കുന്നതിലേക്കായി ചിത്രാഞ്ജലി സ്റ്റുഡിയോ ഫീച്ചർ ഫിലിം, ചിൽഡ്രൻസ് ഫിലിം എന്നിവക്കായി പ്രത്യേകം പാക്കേജുകൾ നടപ്പിലാക്കി വരുന്നു.<br><br>കേരള രാജ്യാന്തര ചലച്ചിത്രമേളയിലേക്കു (IFFK) തെരഞ്ഞെടുക്കപ്പെടുന്ന മലയാള ചിത്രങ്ങൾക്ക് ചലച്ചിത്ര അക്കാദമി ഗ്രാന്റ് നൽകുന്നുണ്ട്. രണ്ടു ലക്ഷം രൂപവീതം 14 സിനിമകൾക്കാണ് ഇത്തരത്തിൽ ഗ്രാന്റ് നൽകുന്നത്. മലയാള ചലച്ചിത്രമേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവ് പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം സ്ഥാപിക്കുന്നതിന് ചലച്ചിത്ര അക്കാദമി സമർപ്പിച്ച പദ്ധതി നിർദേശം സർക്കാർ അംഗീകരിക്കുകയും |

| | | | |
|---|---|---|---|
| | | | മ്യൂസിയം നിർമ്മാണത്തിനായുള്ള പ്രാരംഭ നടപടികൾക്ക് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. മലയാള ചലച്ചിത്രകലയുടെയും വ്യവസായത്തിന്റെയും വികാസ പരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവഹിച്ചു വരുന്നു. മലയാള ചലച്ചിത്ര പൈതൃക സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി ആറു സിനിമകൾ ഇതിനകം ഡിജിറ്റൽ റെസ്റ്റോറേഷൻ നടത്തിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന സിനിമാ ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് നിലവിൽ 4000 രൂപ വീതം പെൻഷനും, 1100/- രൂപ വീതം കുടുംബ പെൻഷനും അവശതാ പെൻഷനും, 1,50,000/-രൂപ വീതം ചികിത്സാ ധനസഹായം, 10,000/- രൂപ വീതം മരണാനന്തര ധനസഹായം, 25,000/- രൂപ വിവാഹ ധനസഹായം എന്നിവ ക്ഷേമനിധി ആക്ട് പ്രകാരം നൽകി വരുന്നു. |
| (ബി) | സിനിമാ വ്യവസായ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ തിരുത്തുന്നതിനും ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | സിനിമ വ്യവസായത്തിലെ അനഭിലഷണീയമായ പ്രവണതകൾ തിരുത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി മലയാള സിനിമാനയം രൂപീകരിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. ചെയർമാൻ അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്.സിനിമാ വ്യവസായത്തിൽ സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള രാജ്യത്തെ ആദ്യത്തെ ഒ.റ്റി.റ്റി. പ്ലാറ്റ്ഫോമായ C-SPACE ഉടനടി സജ്ജമാകും. കലാ സാംസ്കാരിക മൂല്യങ്ങൾക്ക് പ്രാധാന്യമുള്ള ഡോക്യുമെന്ററികൾ, സിനിമകൾ എന്നിവ C-SPACE – ൽ ഉൾപ്പെടുത്തി പ്രദർശനത്തിന് സജ്ജമാക്കും. കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന ചലച്ചിത്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോ ചിത്രത്തിനും ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. കൂടാതെ ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഒരു ഗ്രീവൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിലേയ്ക്ക് കടന്നുവരുന്ന നവാഗതർക്കും വനിതകൾക്കും പാർശ്വവൽകൃത വിഭാഗങ്ങളിൽ നിന്നുള്ളവർക്കും അർഹമായ അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിനായി എന്തെല്ലാം | (സി) | സർക്കാർ ധനസഹായത്തോടെ വനിത/പട്ടികജാതി/ പട്ടികവർഗ്ഗ സംവിധായകർക്കായി നടപ്പിലാക്കുന്ന സിനിമാ പദ്ധതിയിൽ നവാഗതർക്കും, വനിതകൾക്കും |

| | | | |
|---|---|---|---|
| | പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ? | | സാങ്കേതിക നിർവ്വഹണ ചുമതലകൾ നിർവ്വഹിക്കുന്നതിന് അവസരം നൽകുന്നുണ്ട്.<br><br>സംസ്ഥാന ചലച്ചിത്ര അവാർഡിൽ സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവു തെളിയിക്കുന്ന സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കും പ്രത്യേക അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഐ.എഫ്.എഫ്.കെ യുടെ മലയാള സിനിമ റ്റുഡേ വിഭാഗത്തിലേക്കു തെരഞ്ഞെടുക്കുന്ന 14 സിനിമകളിൽ 6 എണ്ണം നവാഗതരുടേത് ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ വർഷവും 6 നവാഗത സംവിധായകർക്ക് ഒരു ലക്ഷം രൂപ വീതം ഈയിനത്തിൽ നൽകി വരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അവാർഡിൽ നവാഗത സംവിധായക പ്രതിഭയ്ക്ക് പുരസ്കാരം നൽകി വരുന്നു.<br><br>വനിതാ സംവിധായകരുടെ സിനിമകൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ചലച്ചിത്ര അക്കാദമി അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേള നടത്താറുണ്ട്. മലയാള സിനിമയുടെ സാങ്കേതിക രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു നൈപുണ്യവികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ, 18 വയസ്സ് പൂർത്തിയായ സിനിമാ ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അംഗത്വത്തിനായി അപേക്ഷിക്കുവാൻ അവസരം നൽകുന്നുണ്ട്. അംഗത്വം ലഭിക്കുന്നവർക്ക് ക്ഷേമനിധി ആക്റ്റ് പ്രകാരമുള്ള ധനസഹായങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ